# EQUIP 2021

(Education Quality Improvement Programme for class ten)

# LEAP

## STUDENT SUPPORT MATERIAL
## for Class Ten

(Malayalam Medium)

DIET KASARAGOD

*JANUARY 2021*

# EQIP 2021

*(Education Quality Improvement Programme for Class ten)*

**Learn | Think | Grow**

## SOCIAL SCIENCE II

**Student Support Material for Class ten**

DIET KASARAGOD

## അധ്യായം 1

# ഋതുഭേദങ്ങളും സമയവും

**പ്രധാന ആശയങ്ങൾ**

ഋതുഭേദങ്ങൾ
- പരിക്രമണം
- അച്ചുതണ്ടിന്റെ സമാന്തരത
- സൂര്യന്റെ അയനം

വേനൽക്കാലവും ശൈത്യകാലവും
- സമരരാത്രദിനങ്ങൾ
- ഗ്രീഷ്മ അയനാന്തം
- ശൈത്യ അയനാന്തം

വസന്തവും ഹേമന്തവും
- ഭ്രമണവും പരിക്രമണവും
- ഗ്രീനിച്ച് സമയവും സമയമേഖലയും
- സ്റ്റാൻഡേർഡ് സമയം
- അന്താരാഷ്ട്ര ദിനാങ്കരേഖ

1. പദസൂര്യൻ




2. ഋതുഭേദങ്ങൾ ഉണ്ടാവാനുള്ള ഒരു പ്രധാന കാരണമാണ് ഭൂമിയുടെ പരിക്രണം. മറ്റ് കാരണങ്ങളേവ?

**ഉത്തരസൂചിക**

- സൂര്യന്റെ അയനം
- അച്ചുതണ്ടിന്റെ ചരിവ്
- അച്ചുതണ്ടിന്റെ സമാന്തരത

3. പരിക്രമണം എന്നാലെന്ത്?

ദീർഘവൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലൂടെ ഭൂമി സൂര്യനെ വലംവയ്ക്കുന്ന തിനെയാണ് പരിക്രമണം എന്ന് പറയുന്നത്.

4. സൂര്യന്റെ അയനം

ഭൂമി അതിന്റെ അച്ചുതണ്ടിന്റെ ചെരിവ് പരിക്രമണ വേളയിലുടനീളം നിലനിർത്തുന്ന തിനാൽ ഉത്തരായന രേഖക്കും ദക്ഷിണായന രേഖയ്ക്കും ഇടയിൽ ആപേക്ഷികമായ സ്ഥാന മാറ്റം സൂര്യന് ഉണ്ടാവുന്നു. ഇതാണ് അയനം.

5. അച്ചുതണ്ടിന്റെ സമാന്തരത

ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണ തലത്തിൽ നിന്ന് ..1/2 $^0$ യും ലംബത്തിൽ 231/2$^0$ യും ചെരിവുണ്ട്. പരിക്രണത്തിലുടനീളം ഈ ചെരിവ് മാറ്റമില്ലാതെ നില നിൽക്കുന്നു. ഇതാണ് അച്ചുതണ്ടന്റെ സമാന്തരത.

6. താഴെ നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കുക

| ദിനം | സൂര്യന്റെ സ്ഥാനം | ദിനത്തിന്റെ പേര് | പകലിന്റെ ദൈർഘ്യം | |
|---|---|---|---|---|
| | | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| മാർച്ച് 21 | .........(എ)........ | സമരാത്രദിനം | | |
| ജൂൺ 21 | ഉത്തരായന രേഖ | .......(ബി)........ | തുല്യം | .......(സി)...... |
| സെപ്ത.23 | ഭൂമധ്യരേഖ | ........(ഡി)........ | കൂടുതൽ | കുറവ് |
| ഡിസ.22 | .........(ഇ)........ | ശൈത്യ അയനാന്തദിനം | ......(എഫ്)..... | കൂടുതൽ |

**ഉത്തരസൂചിക**

എ) ഭൂമധ്യരേഖ ബി) ഗ്രീഷ്മ അയനാന്തദിനം സി) തുല്യം

ഡി) സമരാത്രദിനം ഇ) ദക്ഷിണായന രേഖ എഫ്) കുറവ്

7. വസന്തകാലം, ഹേമന്തകാലം എന്നിവയുടെ പ്രത്യേകതകൾ താരതമ്യം ചെയ്യുക.

| വസന്തം | ഹേമന്തം |
|---|---|
| - ശൈത്യകാലത്തിൽ നിന്ന് ഉഷ്ണകാലത്തി ലേക്കുള്ള മാറ്റത്തിന്റെ കാലം<br>- ചെടികൾ തളിർക്കുന്നു, പുഷ്പിക്കുന്നു.<br>- മാർച്ച്-ഏപ്രിൽ മാസം<br>- ഉത്തരാർധഗോളം | - വേനലിൽ നിന്ന് ശൈത്യത്തിലേക്കുള്ള മാറ്റ ത്തിന്റെ കാലം<br>- സസ്യങ്ങൾ ഇല പൊഴിക്കുന്നു.<br>- ഒക്ടോബർ-നവംബർ മാസം<br>- ഉത്തരാർധഗോളം |

**ഉത്തരസൂചിക**

എ) മാർച്ച് 21 – ജൂൺ 21　　ബി) ജൂൺ 21 – സെപ്തംബർ 23

സി) സെപ്തംബർ 23 – ഡിസംബർ 22

8. **ഭ്രമണം**

രാത്രിയും പകലും ഉണ്ടാവുന്നു. → 24 മണിക്കൂർ സമയം

സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നു → പടിഞ്ഞാറ് നിന്ന് കിഴക്കോട്ട്

9. എ) ഋതു വ്യത്യാസം ഏറ്റവും പ്രകടമായി അനുഭവപ്പെടുന്ന മേഖല?

ബി) സൂര്യന്റെ സ്ഥാനം ഉത്തരാർധ ഗോളത്തിൽ ആവുമ്പോൾ ആർട്ടിക് വൃത്തത്തിനുള്ളിലെ പ്രദേശത്തിന്റെ പകലിന്റെ ദൈർഘ്യം?

**ഉത്തരസൂചിക**

എ) മിതോഷ്ണമേഖല　　ബി) 6 മാസം

10. പ്രാദേശിക സമയം കണക്കാക്കുന്നത് എങ്ങനെ?

**ഉത്തരസൂചിക**

ഓരോ സ്ഥലത്തും സൂര്യൻ തലയ്ക്ക് മുകളിലായി എത്തുന്ന സമയം (ഉച്ചനിലയെ) ആധാരമാക്കി നിർണ്ണയിക്കുന്ന സമയമാണ് പ്രാദേശിക സമയം.

11. ഇന്ത്യയിൽ ആദ്യമായി സൂര്യോദയം കാണുന്ന സ്ഥലം അരുണാചൽ പ്രദേശിലാണ്. കാരണമെന്ത്?

**ഉത്തരസൂചിക**

- ഇന്ത്യയുടെ കിഴക്കേ അറ്റത്തെ സംസ്ഥാനം
- ഭൂഭ്രമണം കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ആയതിനാൽ സൂര്യോദയം ആദ്യം കിഴക്ക് അനുഭവപ്പെടുന്നു.

12. ഇന്ത്യയുടെ മാനകരേഖാംശം – 82 1/2 ഡിഗ്രി കിഴക്ക്

13. മാനകരേഖാംശം എന്നാലെന്ത്?

**ഉത്തരസൂചിക**

ഓരോ രാജ്യത്തിന്റെയും മധ്യഭാഗത്തുകൂടി കടന്നുപോകുന്ന രേഖാംശ രേഖ. പ്രസ്തുത രേഖയിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തെ സ്റ്റാൻഡേർഡ് സമയം.

14. ലോകത്ത് ആകെ സമയ മേഖലകളുടെ എണ്ണം – 24

15. ഇന്ത്യയുടെ മാനകരേഖാംശം ഏത്? ഗ്രീനിച്ച് സമയത്തിൽ നിന്ന് ഇത് എത്ര സമയം വ്യത്യാസപ്പെട്ടിരിക്കുന്നു.

**ഉത്തരസൂചിക :** $5\frac{1}{2}$ മണിക്കൂർ　　$8\frac{1}{2}^{0}$ പൂർവ്വരേഖാംശം

16. ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി 75ഡിഗ്രി അക്ഷാംശം (കിഴക്ക്, പടിഞ്ഞാറ്) സമയം കണക്കാക്കുക.

| **ഗ്രീനിച്ച് രേഖയിലെ സമയം ഞായർ 8 am** | | |
|---|---|---|
| **രേഖാംശം** | **കിഴക്ക്** | **പടിഞ്ഞാറ്** |
| $15^0$ | ഞായർ 9 am | ഞായർ 7 am |
| $30^0$ | ഞായർ 10 am | ഞായർ 6 am |
| $45^0$ | ഞായർ 11 am | ഞായർ 5 am |
| $60^0$ | ഞായർ 12 am | ഞായർ 4 am |
| $75^0$ | ഞായർ 1 pm | ഞായർ 3 pm |

17. ഭൂമിക്ക് $15^0$ തിരിയാൻ ആവശ്യമായ സമയം - 1 മണിക്കൂർ

18. ഗ്രീനിച്ച് രേഖ, അന്താരാഷ്ട്രദിനാങ്ക രേഖ എന്നിവ താരതമ്യം ചെയ്യുക.

| **ഗ്രീനിച്ച് രേഖ** | **അന്താരാഷ്ട്ര ദിനാങ്കരേഖ** |
|---|---|
| പൂജ്യം ഡിഗ്രി രേഖാംശരേഖ | $180^0$ രേഖാംശരേഖ |
| നേർ രേഖയാണ് | നേർ രേഖയല്ല |
| വൻകരയിലൂടെ കടന്നുപോകുന്നു. | വൻ കരയിലൂടെ കടന്നുപോകുന്നില്ല |
| വലത്തോട്ട് സമയം കൂടുതലും ഇടത്തോട്ട് സമയം കുറവും ആയിരിക്കും | വലത്തോട്ട് ദിവസം കുറവും ഇടത്തോട്ട് ദിവസം കൂടുതലും ആയിരിക്കും |

അധ്യായം 2

# കാറ്റിന്റെ ഉറവിടം തേടി

## പ്രധാന ആശയങ്ങൾ

- അന്തരീക്ഷ മർദ്ദം
- അന്തരീക്ഷ മർദ്ദത്തിലെ വ്യതിയാനം
- ആഗോള മർദ്ദമേഖലകൾ
- അന്തരീക്ഷ മർദ്ദവും കാറ്റുകളും
- കാറ്റിന്റെ വേഗതയും ദിശയും
- ആഗോള വാതങ്ങൾ
- കാലിക വാതങ്ങൾ
- പ്രാദേശിക വാതങ്ങൾ

1. എന്താണ് അന്തരീക്ഷ മർദ്ദം? അന്തരീക്ഷ മർദ്ദം അളക്കുന്ന ഉപകരണം ഏത്? യൂണിറ്റ് ഏത്?
   - അന്തരീക്ഷ വായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷ മർദ്ദം
   - രസബാരോമീറ്റർ
   - മില്ലിബാർ/ഹെക്ടോപാസ്കൽ
2. അന്തരീക്ഷത്തിലെ മർദ്ദവ്യതിയാനങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ ഏവ? അവ മർദ്ദവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.

**ഉത്തരസൂചിക**

1. ഉയരം 2. താപം 3. ആർദ്രത

ഈ ഘടകങ്ങൾ അന്തരീക്ഷ മർദ്ദവുമായി വിപരീതാനുപാതത്തിലാണ്.

3. **സമമർദ്ദരേഖ**
   * ഒരേ അന്തരീക്ഷ മർദ്ദമുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ച് വരക്കുന്ന സാങ്കല്പിക രേഖ

**ഉച്ചമർദ്ദ മേഖല**

ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു പ്രദേശത്ത് അന്തരീക്ഷ മർദ്ദം കൂടുതലാണെങ്കിൽ ആ ഭാഗം ഉച്ചമർദ്ദ മേഖല.

**ന്യൂനമർദ്ദ മേഖല**

ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു പ്രദേശത്ത് അന്തരീക്ഷ മർദ്ദം കുറവാണെങ്കിൽ ആ ഭാഗം ന്യൂനമർദ്ദ മേഖല.

4. ചിത്രം വിശകലനം ചെയ്ത് ആഗോള മർദ്ദമേഖലയുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.




| ആഗോള മർദ്ദമേഖലകൾ | അക്ഷാംശീയ വ്യാപ്തി | രൂപംകൊള്ളുന്നതിനുള്ള കാരണം |
|---|---|---|
| മധ്യരേഖ ന്യൂനമർദ്ദമേഖല | തെക്ക് $5^0$ മുതൽ വടക്ക് $5^0$ വരെ | ............ (എ) |
| ഉപോഷ്ണ ഉച്ചമർദ്ദമേഖല | $30^0$ തെക്ക്, $30^0$ വടക്ക് | ........... (ബി) |
| ഉപധ്രുവീയ ന്യൂനമർദ്ദമേഖല | $60^0$ തെക്ക്, $60^0$ വടക്ക് | ............ (സി) |
| ധ്രുവീയ ഉച്ചമർദ്ദമേഖല | $90^0$ തെക്ക്, $90^0$ വടക്ക് | ............ (ഡി) |

**ഉത്തരസൂചിക**

എ) സൂര്യരശ്മി ലംബമായി പതിക്കുന്നു. വായു ചൂട് പിടിച്ച് ഉയരുന്നു.

ബി) ഭൂഭ്രമണത്തിന്റെ ഫലമായി തണുത്ത വായു താഴ്ന്നിറങ്ങുന്നു.

സി) ഭ്രമണവും കോറിയോലിസ് ബലവും കാരണം വായു ചുഴറ്റിമാറ്റപ്പെടുന്നു.

ഡി) സൂര്യപ്രകാശത്തിന്റെ അളവ് കുറവാണ്. വായു തണുത്ത് അടിഞ്ഞുകൂടുന്നു.

5. എന്താണ് കാറ്റുകൾ? കാറ്റുകൾക്ക് പേര് നൽകുന്നതെങ്ങനെ?

- ഉച്ചമർദ്ദമേഖലയിൽ നിന്ന് ന്യൂനമർദ്ദ മേഖലയിലേക്കുള്ള വായുവിന്റെ തിരശ്ചീന ചലനമാണ് കാറ്റുകൾ.
- കാറ്റുകൾ ഏത് ദിശയിൽ നിന്ന് വീശുന്നു എന്നതിനെ അടിസ്ഥാനമാക്കി പേര് നൽകുന്നു.

6.




**കോറിയോലിസ് ബലം ഫെറൽ നിയമം**




**8. കാറ്റുകൾ**




**9, ആഗോളവാതങ്ങൾ**

- ആഗോള മർദ്ദമേഖലകൾക്കിടയിൽ രൂപംകൊള്ളുന്നവ.

10. ചിത്രത്തെ അടിസ്ഥാനമാക്കി ആഗോളവാതങ്ങൾ, വീശുന്ന മേഖല എന്നിവ പട്ടികപ്പെടുത്തുക.




**ഉത്തരസൂചിക**

| ആഗോളവാതം | വീശുന്ന മേഖല |
|---|---|
| തെക്ക്കിഴക്കൻ വാണിജ്യവാതം | $30^0$S ➔ $0^0$ (ഉപോഷ്ണ ഉച്ചമർദ്ദത്തിൽ നിന്ന് മധ്യരേഖന്യൂനമർദ്ദമേഖലയിലേക്ക്) |
| വടക്ക്കിഴക്കൻ വാണിജ്യവാതം | $30^0$N ➔$0^0$ ('') |
| പശ്ചിമവാതം | $30^0$ ➔$60^0$ (രണ്ട് അർധഗോളത്തിലും ഉപോഷ്ണ ഉച്ചമർദ്ദമേഖലയിൽ നിന്ന് ഉപധ്രുവീയ ന്യൂനമർദ്ദ ത്തിലേക്ക്) |
| ധ്രുവീയ പൂർവ്വവാതം | $90^0$➔ $60^0$ (രണ്ട് അർധഗോളത്തിലും ധ്രുവപ്രദേശത്ത് നിന്ന് ഉപധ്രുവീയ ന്യൂനമർദ്ദ മേഖലയിലേക്ക്) |

**11. കാലികവാതങ്ങൾ**

താരതമ്യം ചെയ്യുക.

1. കരക്കാറ്റ്/കടൽക്കാറ്റ്
2. പർവ്വതക്കാറ്റ്/താഴ്‌വരക്കാറ്റ്
3. തെക്ക് പടിഞ്ഞാറൻ മൺസൂൺ/വടക്ക് കിഴക്കൻ മൺസൂൺ

**ഉത്തരസൂചിക**

| കരക്കാറ്റ് | കടൽക്കാറ്റ് |
|---|---|
| - കരയിൽ നിന്ന് കടലിലേക്ക്<br>- രാത്രി സമയത്ത്<br>- കരയിൽ ഉച്ചമർദ്ദം<br>- കടലിൽ ന്യൂനമർദ്ദം | - കടലിൽ നിന്ന് കരയിലേക്ക്<br>- പകൽ സമയത്ത്<br>- കടലിൽ ഉച്ചമർദ്ദം<br>- കരയിൽ ന്യൂനമർദ്ദം |

| പർവ്വതക്കാറ്റ് | താഴ്‌വരക്കാറ്റ് |
|---|---|
| - പർവ്വതഭാഗത്ത് നിന്ന് താഴ്‌വരയിലേക്ക്<br>- രാത്രികാലങ്ങളിൽ<br>- പർവ്വതഭാഗം ഉച്ചമർദ്ദം | - താഴ്‌വര ഭാഗത്ത് നിന്ന് പർവ്വതത്തിലേക്ക്<br>- പകൽ സമയം<br>- താഴ്‌വരഭാഗം ഉച്ചമർദ്ദം |

| തെക്ക് പടിഞ്ഞാറൻ മൺസൂൺ | വടക്ക് കിഴക്കൻ മൺസൂൺ |
|---|---|
| - ഉത്തരാർധഗോളത്തിൽ സൂര്യ രശ്മികൾ ലംബമായി പതിക്കുന്നു<br>- വൻകരഭാഗങ്ങൾ ചൂട് കൂടുന്നു.<br>- തെക്ക് കിഴക്കൻ വാണിജ്യവാത ങ്ങൾ ദിശമാറി തെക്ക് പടിഞ്ഞാറൻ മൺസൂൺ ആകുന്നു.<br>- സമുദ്രഭാഗത്ത് നിന്ന് വൻകരഭാഗ-ത്തേക്ക് കാറ്റ് വീശുന്നു. | - ഉത്തര അർധഗോളത്തിൽ ശൈത്യ-കാലത്ത് വൻകരഭാഗത്ത് ഉച്ചമർദ്ദം അനുഭവപ്പെടുന്നു.<br>- ഇന്ത്യൻ മഹാസമുദ്രത്തിൽ ന്യൂനമർദ്ദം<br>- വൻകര ഭാഗത്ത് നിന്ന് സമുദ്രഭാഗ-ത്തേക്ക് കാറ്റ് വീശുന്നു. |

**12. പ്രാദേശികവാതങ്ങൾ**

പേര് കണ്ടെത്തുക.

1. സഹാറ മരുഭൂമിയിൽ നിന്ന് പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് വീശുന്ന കാറ്റ്?
2. റോക്കി പർവ്വതത്തിന്റെ ചെരിവിൽ വീശുന്നു.
   മഞ്ഞ് തിന്നുന്നവൻ എന്നറിയപ്പെടുന്നു.
3. ഉഷ്ണകാലത്ത് ദക്ഷിണേന്ത്യയിൽ വീശുന്ന പ്രാദേശിക വാതം.

**ഉത്തരസൂചിക**

1. ഹർമാറ്റൺ 2. ചിനൂക്ക് 3. മാഗോഷവേഴ്സ്

13. പട്ടിക പൂർത്തിയാക്കുക

| കാറ്റിന്റെ പേര് | സ്വഭാവം | വീശുന്ന പ്രദേശം |
|---|---|---|
| ലൂ | ........................ | ............................................ |
| ...................... | ഉഷ്ണക്കാറ്റ് | റോക്കീസ് പർവ്വത ചെരിവിൽ |
| ഫൊൻ | ...................... | ആൽപ്സ് പർവ്വത ചെരിവിൽ |
| ഹർമാറ്റൺ | ...................... | .......................................... |

**ഉത്തരസൂചിക**

ലൂ - ഉഷ്ണക്കാറ്റ് - ഉത്തരേന്ത്യൻ സമതലം

ചിനൂക്ക് - ഉഷ്ണക്കാറ്റ് - റോക്കീസ് പർവ്വതത്തിന്റെ കിഴക്കൻ ചെരിവ്

ഫൊൻ - ഉഷ്ണക്കാറ്റ് - ആൽപ്സ് പർവ്വതചെരിവ്

ഹർമാറ്റൺ - ശീതക്കാറ്റ് - സഹാറ മരുഭൂമിയിൽ നിന്ന് ആഫ്രിക്കയിലേക്ക്

14. മൺസൂണിന്റെ രൂപംകൊള്ളലിന് കാരണമാകുന്ന ഘടകങ്ങൾ

- സൂര്യന്റെ അയനം
- കോറിയോലിസ് പ്രഭാവം
- താപത്തിലെ വ്യത്യാസം

## അധ്യായം 3
# മാനവശേഷി വികസനം - ഇന്ത്യയിൽ

**പ്രധാന ആശയങ്ങൾ**

മാനവശേഷി വികസനം - തലങ്ങൾ - സവിശേഷതകൾ - ഗണപരം - ഗുണപരം

1. മാനവ വിഭവം എന്നാൽ എന്ത് ?

ഉല്പാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം.

2. മാനവവിഭവശേഷി വികസനം എന്നാൽ എന്ത്?

ഉത്തരസൂചിക : - വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവശേഷി വികസനം എന്നുപറയുന്നു.

3. മാനവവിഭവ ശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം?




4. മാനവശേഷിവിഭവത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

| ഗണപരം | ഗുണപരം |
|---|---|
| ജനസംഖ്യാ വലുപ്പം | വിദ്യാഭ്യാസം |
| ജനസംഖ്യാ വളർച്ച | |
| ജനസംഖ്യാ ഘടന | ആരോഗ്യം |

5. ജനസംഖ്യാശാസ്ത്രം എന്നാൽ എന്ത്?

**ഉത്തരസൂചിക :** ജനസംഖ്യ അതിന്റെ എണ്ണത്തിൽ വരുന്ന മാറ്റം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവ വിശകലനം ചെയ്യുന്ന സാമൂഹ്യശാസ്ത്ര ശാഖയാണ് ജനസംഖ്യാശാസ്ത്രം.

6. ഇന്ത്യയിൽ ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്ന പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നത് ആര്?

**ഉത്തരസൂചിക:** പോപ്പുലേഷൻ രജിസ്ട്രാർ ആന്റ് സെൻസസ് കമ്മീഷണർ

(10 വർഷത്തിൽ ഒരിക്കൽ)

7. എന്തിനാണ് ജനസംഖ്യാപഠനം നടത്തുന്നത്?

**ഉത്തരസൂചിക**

- രാജ്യത്ത് എത്ര ജനങ്ങൾ ഉണ്ട് എന്നറിയാൻ
- ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്രയെന്നറിയാൻ?
- ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ
- വികസന നയങ്ങൾ രൂപീകരിക്കാൻ

8. ഒരു രാജ്യത്തെ ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടങ്ങൾ എന്തെല്ലാം?

**ഉത്തരസൂചിക**

– ജനനനിരക്ക് – മരണനിരക്ക് – കുടിയേറ്റം

9. ലോകജനസംഖ്യാദിനം എന്നാണ്?

**ഉത്തരസൂചിക**

– ജൂലൈ 11

10. ജനസാന്ദ്രത എന്നാൽ എന്ത്?

**ഉത്തരസൂചിക**

ഒരു ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണമാണ് ജനസാന്ദ്രത.

11. ജനസംഖ്യാഘടന എന്നാൽ എന്ത്? ഏത് തരത്തിലുള്ള ജനസംഖ്യാ ഘടനയാണ് രാജ്യത്തിന്റെ പുരോഗതിയെ സഹായിക്കുന്നത്?

**ഉത്തരസൂചിക**

0 - 14 - ആശ്രയത്വവിഭാഗം

15 - 59 - പങ്കാളിത്ത വിഭാഗം

60 വയസ്സിന് മുകളിൽ – ആശ്രയത്വവിഭാഗം

പങ്കാളിത്ത വിഭാഗം – ഇവർ തൊഴിലുള്ളവരാണ്. ഇവർ രാജ്യ പുരോഗതിയെ സഹായിക്കുന്നു.

12. സ്ത്രീ-പുരുഷ അനുപാതം എന്നാൽ എന്ത്? ഒരു രാജ്യത്ത് 1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീ-പുരുഷ അനുപാതം?

**ഉത്തരസൂചിക** – 2011 ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ 940/1000 ആണ്.

13. അധ്വാനശേഷി മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ എന്തെല്ലാം?

**ഉത്തരസൂചിക**

- വിദ്യാഭ്യാസം
- ആരോഗ്യപരിപാലനം
- പരിശീലനങ്ങൾ
- സാമൂഹിക മൂലധനം

14. മാനവ വിഭവശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?




15. വിദ്യാഭ്യാസം എപ്രകാരമാണ് ഒരു രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നത്?

**ഉത്തരസൂചിക**

**വിദ്യാഭ്യാസം**

↓

വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു

↓

സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ സാധിക്കുന്നു

↓

മെച്ചപ്പെട്ട തൊഴിലും വരുമാനവും വർദ്ധിക്കുന്നു

↓

ജീവിതനിലവാരം ഉയരുന്നു

16. വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഇന്ത്യയിൽ നടപ്പിലാക്കിയിരിക്കുന്നത്?

**ഉത്തരസൂചിക**

| **പദ്ധതികൾ** | **ലക്ഷ്യങ്ങൾ** |
|---|---|
| ICDS<br>സംയോജിത ശിശുവികസനം | 5 വയസ്സുവരെയുള്ള ശിശുക്കളുടേയും ഗർഭിണികളുടേയും അമ്മമാരുടേയും പരിപാലനം |
| SSA<br>സർവ്വശിക്ഷാ അഭിയാൻ | സർവരും പഠിക്കുക സർവരും വളരുക<br>പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും<br>വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക |

| | |
|---|---|
| RMSA<br>രാഷ്ട്രീയ മാധ്യമിക്<br>ശിക്ഷാ അഭിയാൻ | ഹൈസ്കൂൾ വിദ്യാഭ്യാസ ലഭ്യത ഉറപ്പാക്കൽ<br>വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. |
| RUSA<br>രാഷ്ട്രീയ ഉച്ചതൽ<br>ശിക്ഷാ അഭിയാൻ | ഉന്നതവിദ്യാഭ്യാസ ലഭ്യത,<br>+2 ഗുണനിലവാരം വർദ്ധിപ്പിക്കുക |
| NSDC<br>നാഷണൽ സ്കിൽ<br>ഡവലപ്പ്മെന്റ് ആന്റ്<br>മോണിറ്ററി റിവാർഡ് | യുവജനങ്ങൾക്ക് തൊഴിൽ<br>പരിശീലനം നൽകുക<br>വിദഗ്ധരായ തൊഴിലാളികളെ സൃഷ്ടിക്കുക |

17. ഇന്ത്യയിൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയ വർഷം ഏത്? ലക്ഷ്യം എന്ത്?

**ഉത്തരസൂചിക**

വർഷം : 2009 ൽ

ലക്ഷ്യം : എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഭരണഘടന വഴി ഉറപ്പുനൽകുന്നു.

18. വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

**ഉത്തരസൂചിക**

- കൊഴിഞ്ഞുപോക്ക് - അടിസ്ഥാന സൗകര്യകുറവ് - ഗുണനിലവാരകുറവ്

19. ആരോഗ്യം എന്നാലെന്ത്/

**ഉത്തരസൂചിക**

ശാരീരികമായും മാനസികമായും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം (WHO).

20. ആരോഗ്യമുള്ള ജനത എങ്ങനെയാണ് രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നത്?

**ഉത്തരസൂചിക**

തൊഴിൽ ദിനങ്ങളുടെ എണ്ണം കൂടുന്നു

↓

ഉല്പാദനം കൂടും

↓

പ്രകൃതിവിഭവങ്ങളുടെ ശരിയായ വിനിയോഗം

↓

ചികിത്സാ ചിലവ് കുറയുന്നു

↓

സർക്കാരിന്റെ ചിലവ് കുറയുന്നു

↓

സാമ്പത്തിക വികസനം സാധ്യമാകുന്നു.

21. ആരോഗ്യപരിപാലനത്തിന് ഒരുക്കേണ്ട സൗകര്യങ്ങൾ എന്തെല്ലാം?

**ഉത്തരസൂചിക**

- പോഷകാഹാര ലഭ്യത
- ശുദ്ധജലം
- ചികിത്സാ സൗകര്യങ്ങൾ
- രോഗപ്രതിരോധ സംവിധാനങ്ങൾ
- ശുചിത്വ പരിപാലനം

22. ചികിത്സാ രംഗത്ത് സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെ?

**ഉത്തരസൂചിക**

- മെഡിക്കൽ കോളേജുകൾ
- ജില്ലാ ആശുപത്രികൾ
- സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ (CHC)
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (PHC)
- ആരോഗ്യ ഉപകേന്ദ്രങ്ങൾ

23. പദസൂര്യൻ



24. ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന ഏജൻസികൾ ഏതെല്ലാം?

**ഉത്തരസൂചിക**

ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (NHRD) - ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നു.

ദേശീയ നഗര ആരോഗ്യമിഷൻ (NUHM) - 50000 ൽപരം ജനസംഖ്യയുള്ള നഗരങ്ങളിൽ ചേരി നിവാസികൾക്കും പാർശ്വൽക്കരിക്കപ്പെട്ടവർക്കുമായി പ്രവർത്തിക്കുന്നു.

25. ഇന്ത്യയിലെ ശരാശരി ആയുർദൈർഘ്യം എത്രയാണ്? (2011 ലെ സെൻസസ്)

**ഉത്തരസൂചിക**

സ്ത്രീകൾ - 67 വയസ്സ്

പുരുഷന്മർ - 64 വയസ്സ്

ആകെ - 66 വയസ്സ്

26. ജനനനിരക്ക്, കുടിയേറ്റം, മരണനിരക്ക് എന്നിവ ജനസംഖ്യയിൽ വരുത്തുന്ന മാറ്റങ്ങൾ എപ്രകാരമാണ്?

**ഉത്തരസൂചിക**

- ജനനനിരക്ക് വർദ്ധിക്കുന്നു ജനസംഖ്യ കൂടുന്നു.
- ജനനനിരക്ക് കുറയുന്നു ജനസംഖ്യ കുറയുന്നു.
- മരണനിരക്ക് വർദ്ധിക്കുന്നു ജനസംഖ്യ കുറയുന്നു
- മരണനിരക്ക് കുറയുന്നു ജനസംഖ്യ കൂടുന്നു
- കുടിയേറ്റം ഒരുപ്രദേശത്ത് കൂടുന്നു മറ്റൊരു പ്രദേശത്ത് കുറയുന്നു.

## അധ്യായം 4

# ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

**പ്രധാന ആശയങ്ങൾ**

- ധരാതലീയ ഭൂപടങ്ങൾ
- ധരാതലീയ ഭൂപടങ്ങളും ഉപയോഗങ്ങളും
- ധരാതലീയ ഭൂപടങ്ങളിലെ ലേഔട്ടും നമ്പറിംഗും
- അംഗീകൃത അടയാളങ്ങളും ചിഹ്നങ്ങളും
- ഗ്രിഡ് റഫറൻസ്
- കോണ്ടൂർ രേഖകൾ
- ധരാതലീയ ഭൂപടവിശകലനം

1. പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളും ചിത്രീകരിക്കുന്ന ഭൂപടം?

   ധരാതലീയ ഭൂപടം

2. ഇന്ത്യയിൽ ധരാതലീയ ഭൂപടം നിർമ്മിക്കുന്ന ഏജൻസി?

   സർവ്വേ ഓഫ് ഇന്ത്യ

3. സൈനിക പ്രവർത്തനങ്ങളും സൈനിക ഭൂപടനിർമ്മാണത്തിനും ധരാതലീയ ഭൂപടങ്ങൾ ഉപയോഗിക്കുന്നു. മറ്റ് ഉപയോഗങ്ങൾ കണ്ടെത്തുക.

**ഉത്തരസൂചിക**

- ഭൂപ്രദേശത്തിന്റെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്
- സാമ്പത്തിക ആസൂത്രണത്തിന്റെ ഭാഗമായി വിഭവങ്ങൾ കണ്ടെത്തി പഠിക്കുന്നതിന്.
- നഗരാസൂത്രണത്തിന്

4. ധരാതലീയ ഭൂപടത്തിൽ ഉയരം ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ?

   - കോണ്ടൂർ രേഖ
   - ഫോം ലൈൻ
   - സ്പോർട്ട് ഹൈറ്റ്
   - ട്രയാങ്കുലേറ്റഡ് ഹൈറ്റ്
   - ബെഞ്ച് മാർക്ക്

5. ധരാതലീയ ഭൂപടത്തിലെ അംഗീത നിറങ്ങളും ഭൂരൂപങ്ങളും പട്ടികപ്പെടുത്തുക.

**ഉത്തരസൂചിക**

| നിറങ്ങൾ | ഭൂസവിശേഷതകൾ |
|---|---|
| കറുപ്പ് | - അക്ഷാംശം രേഖാംശം<br>- റെയിൽപാത, ടെലിഗ്രാഫ് ലൈൻ |

| | |
|---|---|
| | - വരളുന്ന ജലാശയം<br>- അതിർത്തികൾ |
| വെള്ള | - തരിശുഭൂമി |
| മഞ്ഞ | - കൃഷിസ്ഥലം |
| നീല | - സമുദ്രം, നദികൾ, കുളങ്ങൾ |
| പച്ച | - വനങ്ങൾ, പുൽമേടുകൾ |
| ചുവപ്പ് | - ഗ്രിഡ് ലൈനുകൾ |
| തവിട്ട് | - കോണ്ടൂർ രേഖകൾ, മൺകൂനകൾ |

6. ഒരു ധരാതലീയ ഭൂപടത്തിൽ നമ്പർ $45\frac{D}{10}$ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതെന്തിനെ സൂചിപ്പിക്കുന്നു.

$45\frac{D}{10}$ - ടോപ്പോഷീറ്റ് നമ്പർ

45 - മില്ല്യൻ ഷിറ്റ്

D - ഡിഗ്രിഷീറ്റ്

10 - ഇഞ്ച് ഷീറ്റ് നമ്പർ

7. ലോകത്തെ ആകെ എത്ര ട്രോപ്പോഷീറ്റുകളിലാണ് ചിത്രീകരിച്ചിട്ടുള്ളത്?

2222

8. ധരാതലീയ ഭൂപടത്തിൽ ഭൂസവിശേഷതകളുടെ സ്ഥാനനിർണ്ണയം നടത്തുന്നതിന് വരക്കുന്ന രേഖകളാണ് ഈസ്റ്റിംഗ്സ്, നോർത്തിംഗ്സ് എന്നിവ. ഇവയുടെ പ്രത്യേകതകൾ താരതമ്യം ചെയ്യുക.

**ഉത്തരസൂചിക**

| **ഈസ്റ്റിംഗ്സ്** | **നോർത്തിംഗ്സ്** |
|---|---|
| - വടക്ക്-തെക്ക് ദിശയിൽ വരക്കുന്നു.<br>- കിഴക്കോട്ട് പോകുന്തോറും മൂല്യം കൂടുന്നു.<br>- ഭൂപടത്തിലെ സവിശേഷതകളുടെ തൊട്ട് ഇടതുവശത്തുള്ള ഈസ്റ്റിം-ഗിന്റെ മൂല്യമാണ് സ്ഥാനനിർണ്ണയത്തിന് കണക്കാക്കുന്നത്. | - കിഴക്ക്-പടിഞ്ഞാറ് ദിശയിൽ വരയ്ക്കുന്നു.<br>- വടക്കോട്ട് പോകുന്തോറും മൂല്യം കൂടുന്നു.<br>- ഭൂപടത്തിലെ സവിശേഷതകളുടെ തൊട്ട് നോർത്തിംഗ്സിന്റെ മൂല്യം സ്ഥാനനർണ-യത്തിന് കണക്കാക്കുന്നു. |

9. എന്താണ് റഫറൻസ് ഗ്രിഡ്?

ഉത്തരസൂചിക : ഈസ്റ്റിംഗ്സ്, നോർത്തിംഗ്സ് എന്നിവ ചേർന്നുണ്ടാകുന്ന ജാലികകളാണ് റഫറൻസ് ഗ്രിഡ്.

10. താഴെ നൽകിയിരിക്കുന്ന ചിഹ്നങ്ങൾ ധരാതലീയ ഭൂപടത്തിൽ ഏത് ഭൂസവിശേഷതകൾ ആണ് സൂചിപ്പിക്കുന്നത്? പട്ടിക പൂർത്തിയാക്കുക.

| ചിഹ്നങ്ങൾ | ഭൂവിവരങ്ങൾ |
|---|---|
| 1.  | ............................ |
| 2.  | ............................ |
| 3.  | ............................ |
| 4.  | ............................ |
| 5.  | ............................ |
| 6.  | ............................ |
| 7. ● | ............................ |
| 8. ▲ | ............................ |
| 9. — — — — | ............................ |
| 10.  | ............................ |
| 11. + | ............................ |
| 12.  | ............................ |
| 13. PS | ............................ |
| 14. PO | ............................ |

**ഉത്തരസൂചിക**

1. ടാർ ചെയ്ത റോഡ്
2. അന്താരാഷ്ട്ര അതിർത്തി
3. കോട്ട
4. ശവപ്പറമ്പ്
5. കേന്ദ്രീകൃത വാസസ്ഥലം
6. റിസർവ്വ് വനം
7. കിണർ
8. കുഴൽകിണർ
9. ജില്ല അതിർത്തി
10. അരുവി
11. നീരുറവ
12. ലെവൽക്രോസ്
13. പോലീസ് സ്റ്റേഷൻ
14. പോസ്റ്റോഫീസ്

11. **ഗ്രിഡ് റഫറൻസ്**

1. നാലക്ക ഗ്രിഡ് റഫറൻസ്

- സ്ഥാനനിർണ്ണയം നടത്തേണ്ട ഭൂസവിശേഷതയുടെ തൊട്ട് ഇടത്ഭാഗത്തുള്ള ഈസ്റ്റിംഗ്സിന്റെ മൂല്യം ആദ്യം എഴുതുക.
- ഭൂസവിശേഷതയുടെ തൊട്ടുതാഴെ (തെക്ക്) ഉള്ള നോർത്തിംഗ്സിന്റെ മൂല്യം ഈസ്റ്റിംഗ്സിന്റെ മൂല്യത്തോട് ചേർത്തെഴുതുക

2. **ആറക്ക ഗ്രിഡ് റഫറൻസ്**

- ആദ്യം ഭൂസവിശേഷതയുടെ ഇടതുവശത്തുള്ള ഈസ്റ്റിംഗ്സിന്റെ മൂല്യം എഴുതുക.

- ശേഷം അടുത്ത ഈസ്റ്റിംഗ്സ് വരെയുള്ള ഭാഗത്തെ പത്ത് തുല്യഭാഗമാക്കി, ഭൂസ വിശേഷതയുടെ നേരെ വരുന്ന ഭാഗത്തിന്റെ മൂല്യം എഴുതുക.
- ഭൂസവിശേഷതയുടെ തൊട്ടുതാഴെയുള്ള നോർത്തിംഗ്സിന്റെ മൂല്യം എഴുതുക.
- ശേഷം അടുത്തുള്ള നോർത്തിംഗ്സ് വരെയുള്ള ഭാഗത്തെ പത്ത് തുല്യ ഭാഗമാക്കി, ഭൂസവിശേഷതയുടെ നേരെ വരുന്ന ഭാഗത്തിന്റെ മൂല്യം ചേർത്തെഴുതുക.

12. ഗ്രിഡിൽ കാണുന്ന ചിഹ്നങ്ങൾ ഏതെന്ന് കണ്ടെത്തുക. അവയുടെ നാലക്ക ഗ്രിഡ്, ആകെ ഗ്രിഡ് എന്നിവ കണക്കാക്കുക.




13. **കോണ്ടൂർ രേഖകൾ**

- സമുദ്രനിരപ്പിൽ നിന്ന് ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ച് വരക്കുന്ന സാങ്കല്പിക രേഖകൾ.
- ഓരോ കോണ്ടൂർ രേഖയോടൊപ്പം അവയുടെ മൂല്യം രേഖപ്പെടുത്തുന്നു.
- അടുത്തടുത്തുള്ള രണ്ട് കോണ്ടൂർ രേഖകളുടെ മൂല്യങ്ങൾ തമ്മിലുള്ള വ്യത്യാസമാണ് കോണ്ടൂർ ഇടവേള.
- കോണ്ടൂർ രേഖകൾ വളരെ അടുത്തായി വരുന്ന സ്ഥലത്ത് ഭൂപ്രദേശം കുത്തനെ ചെരിവുള്ളതായിരിക്കും.
- കോണ്ടൂർ രേഖകൾ തമ്മിൽ അകന്ന് കാണപ്പെടുന്നുവെങ്കിൽ ഭൂപ്രദേശത്തിന് ചെറിയ ചെരിവ് മാത്രമായിരിക്കും.

14. ധരാതലീയ ഭൂപടത്തിൽ ചിത്രീകരിച്ചിരിക്കുന്ന കോണ്ടൂർരേഖകളിൽ നിന്ന് ആ പ്രദേശത്തെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ പറ്റുന്ന കാര്യങ്ങൾ ഏവ?

**ഉത്തരസൂചിക**

1. ഭൂപ്രദേശത്തിന്റെ ഉയരം
2. ചരിവിന്റെ അളവ്
3. ഭൂരൂപത്തിന്റെ ആകൃതി

15. പാഠഭാഗത്തിലെ ചിത്രം 4.22 (പേജ് നം. 67) വിശകലനം ചെയ്യുക. ഭൂസവിശേഷതയുടെ ആകൃതി വരച്ച് ഏതൊക്കെ സ്ഥലങ്ങൾ തമ്മിൽ നേർക്കാഴ്ച ഉണ്ട് എന്ന് കണ്ടെത്തുക.

16. **ധരാതലീയ ഭൂപട വിശകലനം**

| | |
|---|---|
| പ്രാഥമിക വിവരങ്ങൾ (ഇത് ഭൂപടത്തിന്റെ പുറത്ത് രേഖപ്പെടുത്തുന്നു) | ഭൂപടത്തിന്റെ പേര്, പ്രദേശത്തിന്റെ പേര്, അക്ഷാംശം-രേഖാംശം, ഈസ്റ്റിംഗ്സ്, നോർത്തിംഗ്സ്, തോത്, കോണ്ടൂർ ഇടവേള... തുടങ്ങിയവ |
| ഭൗതിക വിവരങ്ങൾ | ജലാശയങ്ങൾ (കുളം, നദി, അരുവി, വിവിധ ഭൂരൂപങ്ങൾ) |
| സാംസ്കാരിക വിവരങ്ങൾ | മനുഷ്യനിർമ്മിത സവിശേഷതകൾ (പാർപ്പിടം, റോഡുകൾ, അതിർത്തി, ആരാധനാലയം, പോസ്റ്റ് ഓഫീസ്) |

17. നേർക്കാഴ്ച എന്നാലെന്ത്? ഇത് പ്രയോജനപ്പെടുത്തുന്ന സാഹചര്യങ്ങളേവ?
രണ്ടു സ്ഥലങ്ങൾ തമ്മിൽ പരസ്പരം ദൃശ്യമാണെങ്കിൽ അവ നേർക്കാഴ്ചയിലാണെന്ന് പറയാം.

* വൈദ്യുതി പോസ്റ്റുകൾ സ്ഥാപിക്കുന്നതിന്.
* മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന്.
*

## അധ്യായം 5

# പൊതുചെലവും പൊതുവരുമാനവും

**പ്രധാന ആശയങ്ങൾ**

- പൊതുചെലവ്
- പൊതുവരുമാനം
- നികുതി വരുമാനം
- പൊതുകടം, പൊതുധനകാര്യം

1.

| | |
|---|---|
| പൊതുവരുമാനം | പൊതുചെലവ് |
| ↓ | ↓ |
| സർക്കാരിന്റെ വരുമാനം | ജനക്ഷേമ പ്രവർത്തനങ്ങൾക്കായി സർക്കാർ |
| ↓ | പണം ചെലവഴിക്കൽ |
| | ↓ |
| നികുതി വരുമാനം | |
| നികുതിയേതര വരുമാനം | വികസന ചെലവ് |
| | വികസനേതര ചെലവ് |
| പൊതുകടം | പൊതുധനകാര്യം |
| | ↓ |
| സർക്കാർ വാങ്ങുന്ന വായ്പകൾ | പൊതുവരുമാനം |
| | ↓ |
| ആഭ്യന്തരകടം, വിദേശകടം | പൊതുചെലവ് |
| | പൊതുകടം |

2. താഴെനൽകിയ പ്രവർത്തനങ്ങളെ വികസന ചെലവ്, വികസനേതര ചെലവ് എന്നിങ്ങനെ തരംതിരിക്കുക.

- റോഡ് നിർമ്മാണം
- വിമാനത്താവള നിർമ്മാണം
- വിദ്യാലയ നിർമ്മാണം
- യുദ്ധം, പലിശ, പെൻഷൻ

**ഉത്തരസൂചിക**

| വികസന ചെലവ് | വികസനേതര ചെലവ് |
|---|---|
| റോഡ് നിർമ്മാണം | യുദ്ധം |
| വിമാനത്താവള നിർമ്മാണം | പലിശ |
| വിദ്യാലയ നിർമ്മാണം | പെൻഷൻ |

3. പൊതുചെലവ് വർദ്ധിക്കാനുള്ള കാരണങ്ങൾ ഏവ?

**ഉത്തരസൂചിക**

- ജനസംഖ്യാവർദ്ധനവ്
- പ്രതിരോധപ്രവർത്തനത്തിനുള്ള വർദ്ധനവ്
- ജനക്ഷേമ പ്രവർത്തനങ്ങൾ
- നഗര പ്രവർത്തനം
- ശാസ്ത്ര പരീക്ഷണങ്ങൾ

4. നികുതി വരുമാനത്തിന്റെ ഉറവിടങ്ങൾ

| 1) പ്രത്യക്ഷനികുതി | പരോക്ഷ നികുതി |
|---|---|
| - നികുതി ചുമത്തപ്പെട്ട ആൾ തന്നെ നൽകുന്നു.<br>- നികുതി ഭാരം അറിയുന്നില്ല<br>- നികുതി പിരിവ് ചെലവ് കൂടുതൽ<br>ഉദാ:- വ്യക്തിഗത ആദായ നികുതി | - ചുമത്തപ്പെട്ട ആൾ നികുതി നൽകുന്നു.<br>- നികുതിഭാരം അറിയുന്നില്ല<br>- നികുതി പിരിവിന് ചെലവ് കുറവ്<br>ഉദാ: മൂല്യവർദ്ധിത നികുതി എക്സൈസ് ഡ്യൂട്ടി, കസ്റ്റംസ് ഡ്യൂട്ടി |

2) സർചാർജ്

നികുതിക്ക് മേൽ ചുമത്തുന്ന അധിക നികുതി, ഒരു നിശ്ചിത കാലത്തേക്ക് മാത്രം.

3) സെസ്സ്

സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നികുതി ചുമത്തുന്ന അധിക നികുതി. ആവശ്യമുള്ള പണം കിട്ടിയാൽ നിർത്തലാക്കും.

5. നികുതിയേതര വരുമാനത്തിന്റെ ഉറവിടങ്ങൾ എ കോളത്തിന് യോജിച്ചത് ചേർക്കുക.

| എ | ബി |
|---|---|
| ഫീസ് | - ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്നത്. |
| ഗ്രാന്റ് | |
| പലിശ | - നിയമലംഘനത്തിനുള്ള ശിക്ഷ |
| ഫൈനുകൾ | - സർക്കാര് സേവനങ്ങൾക്കുള്ള പ്രതിഫലനം |
| പെനാൽറ്റി | - വിവിധ സംരംഭങ്ങൾക്കായി സർക്കാർ നൽകിയ പലിശ |
| ലാഭം | - സർക്കാർ സംരംഭത്തിൽ നിന്നുള്ല വരുമാനം. |

**ഉത്തരസൂചിക**

ഫീസ് - സർക്കാർ സേവനങ്ങൾക്കുള്ള പ്രതിഫലം.

ഗ്രാന്റ് - ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്നത്

പലിശ - സർക്കാർ വിവിധ സംരംഭങ്ങൾക്ക് നൽകിയ വായ്പയുടെ പലിശ

ഫൈനുകൾ, പെനാൽറ്റികൾ - നിയമലംഘനത്തിനുള്ള ശിക്ഷ

ലാഭം - സർക്കാർ സംരംഭത്തിൽ നിന്നുള്ള മൂലധനം

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന പ്രധാന നികുതികൾ ഏവ?

**ഉത്തരസൂചിക :** വസ്തുനികുതി, തൊഴിൽ നികുതി, വിനോദ നികുതി

7. ഭൂനികുതി, മൂല്യവർദ്ധിത നികുതി എന്നിവ ചുമത്തുന്നത് ആര്?

**ഉത്തരസൂചിക :** സംസ്ഥാന സർക്കാർ

8. കേന്ദ്രസർക്കാരിന്റെ പ്രധാന നികുതികൾ ഏവ?

**ഉത്തരസൂചിക :** കോർപ്പറേറ്റ് നികുതി, ആദായ നികുതി, എക്സൈസ് ഡ്യൂട്ടി

9. എന്താണ് മൂല്യവർദ്ധിത നികുതി?

**ഉത്തരസൂചിക**

- ഒരു ഉല്പന്നം ഉപഭോക്താവിലേക്ക് എത്തുന്നത് വിവിധ ഘട്ടങ്ങളിലൂടെയാണ്
- ഓരോ ഘട്ടത്തിലും മൂല്യം ചേർക്കപ്പെടുന്നു.
- ചേർക്കപ്പെടുന്ന മൂല്യത്തിന്മേൽ ചുമത്തുന്ന നികുതി.

10. സാധനങ്ങളുടെ ഉല്പാദന ഘട്ടത്തിൽ ചുമത്തുന്ന നികുതി ഏതാണ്?

എക്സൈസ് ഡ്യൂട്ടി

11. സാധനങ്ങളുടെ ഇറക്കുമതിയിലും കയറ്റുമതിയിലും ചുമത്തപ്പെടുന്ന നികുതി ഏത്?

കസ്റ്റംസ് നികുതി

12. ആഭ്യന്തര കടവും വിദേശ കടവും തമ്മിലുള്ള വ്യത്യാസമെന്ത്?

**ഉത്തരസൂചിക**

ആഭ്യന്തര കടം - രാജ്യത്തിനകത്ത് നിന്നുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ വാങ്ങുന്നത്.

വിദേശകടം - വിദേശ ഗവൺമെന്റിൽ നിന്നോ, അന്തർദേശീയ സ്ഥാപനങ്ങളൽ നിന്നോ വാങ്ങുന്നത്.

13. ബജറ്റ് എന്നാലെന്ത്?

**ഉത്തരസൂചിക :** ഒരു സാമ്പത്തിക വർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യ നയം.

14. ഇന്ത്യയിൽ സാമ്പത്തികവർഷം കണക്കാക്കുന്നത് ഏത് കാലയളവിലേതാണ്?

**ഉത്തരസൂചിക :** ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ

15. വിട്ടഭാഗം പൂരിപ്പിക്കുക

| | | |
|---|---|---|
| മിച്ച ബജറ്റ് | - | ................(1) |
| (2)........... | - | വരവ് ചെലവിനേക്കാൾ കുറവ് |
| സന്തുലിത ബജറ്റ് | - | ................(3) |

**ഉത്തരസൂചിക**

1) വരവ് ചെലവിനേക്കാൾ കൂടുതൽ

2) കമ്മി ബജറ്റ്

3) വരവും ചെലവും തുല്യം

16. ധനനയത്തിന്റെ ഉദ്ദേശ്യങ്ങൾ ഏവ?

ധനനയം പണപ്പെരുപ്പവും പണച്ചുരുക്കവും നിയന്ത്രിക്കുന്നതെങ്ങനെ?

**ഉത്തരസൂചിക**

- സാമ്പത്തിക സ്ഥിരത കൈവരിക്കുക
- പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
- അനാവശ്യ ചെലവുകൾ കുറയ്ക്കുക
- പണപ്പെരുപ്പവും പണച്ചുരുക്കവും കുറയ്ക്കുക
  - പണപ്പെരുപ്പ സമയത്ത് നികുതി നിയന്ത്രിക്കുന്നു. വാങ്ങൽ കുറയുന്നു.
  - പണച്ചുരുക്ക സമയത്ത് നികുതി കുറക്കുന്നു. വാങ്ങൽശേഷി കൂടുന്നു. ഉല്പാദനം നടക്കുന്നു.

# അധ്യായം 6

# ആകാശകണ്ണും അറിവിന്റെ വിശകലനവും

1. വിദൂരസംവേദനം എന്നാൽ എന്ത്?

ഒരു വസ്തുവിനെയോ പ്രദേശത്തെയോ പ്രതിഭാസത്തെയോ സംബന്ധിക്കുന്ന വിവരങ്ങൾ സ്പർശനബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന രീതിയാണ് വിദൂരസംവേദം.

2. സംവേദകങ്ങൾ എന്നാൽ എന്ത്?

വിദൂരസംവേദനത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളാണ് സംവേദകങ്ങൾ.

ഉദാ:- ക്യാമറ, സ്കാനർ

3. ഊർജ്ജ ഉറവിടത്തെ അടിസ്ഥാനമാക്കി വിദൂരസംവേദനത്തെ എത്രയായി തരംതിരിച്ചിരിക്കുന്നു. അവ ഏതൊക്കെ?

രണ്ടായി തരംതിരിച്ചിരിക്കുന്നു.

| **പ്രത്യക്ഷവിദൂര സംവേദനം** | **പരോക്ഷവിദൂര സംവേദനം** |
|---|---|
| കൃത്രിമ ഊർജ്ജസ്രോതസ്സിന്റെ | സൂര്യപ്രകാശത്തിന്റെ സഹായത്തോടെ |
| സഹായത്തോടെ വിദൂരസംവേദനം നടത്തുന്നു | വിദൂരസംവേദനം സാധ്യമാകുന്നു. |

4. പ്ലാറ്റ്ഫോം എന്നാൽ എന്ത്?

സംവേദകങ്ങൾ സ്ഥാപിച്ചിരിക്കുന്ന പ്രതലത്തെയാണ് പ്ലാറ്റ്ഫോം എന്നുപറയുന്നത്.

5. പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി വിദൂരസംവേദനത്തെ എത്രയായി തരംതിരിച്ചിരിക്കുന്നു. അവ ഏതൊക്കെ?

- ഭൂതലഛായാഗ്രഹണം
- ആകാശീയ വിദൂരസംവേദനം
- ഉപഗ്രഹ വിദൂരസംവേദനം

ഭൂതലഛായാഗ്രഹണം - ഭൂമി (പ്ലാറ്റ്ഫോം)

ആകാശീയ വിദൂരസംവേദനം - വിമാനങ്ങൾ

ഉപഗ്രഹവിദൂരസംവേദനം - കൃത്രിമ ഉപഗ്രഹങ്ങൾ

6. ആകാശീയ വിദൂരസംവേദനത്തിന്റെ മേന്മകളും പോരായ്മകളും ഏതൊക്കെ?

ബലൂണുകളിലോ വിമാനങ്ങളിലോ ഉറപ്പിച്ചുള്ള ക്യാമറകളുടെ സഹായത്താൽ ആകാശത്ത് നിന്ന് ഭൂപ്രതലത്തിന്റെ ചിത്രങ്ങൾ എടുക്കുന്ന പ്രക്രിയയാണ് ആകാശീയവിദൂര സംവേദനം.

| മേന്മകൾ | പോരായ്മകൾ |
|---|---|
| - വിസ്തൃതികുറഞ്ഞ പ്രദേശങ്ങളുടെ വിവരശേഖരണം സാധ്യമാകുന്നു.<br>- തുടർച്ചയായുള്ള ചിത്രങ്ങൾ ലഭിക്കുന്നു.<br>- ഭൗമോപരിതലത്തിന്റെ ഉയർച്ച താഴ്ച്ചകൾ അറിയാൻ സാധിക്കുന്നു<br>- ഓവർലാപ്പ് ചിത്രങ്ങളിൽ നിന്നും ത്രിമാന ദൃശ്യം സാധ്യമാകുന്നു. | - വിസ്തൃതമായ പ്രദേശത്തിന്റെ ചിത്രീകരണം സാധ്യമല്ല<br>- വിമാനത്തിനുണ്ടാകുന്ന കുലുക്കം ചിത്രത്തിന്റെ ഗുണമേന്മയെ ബാധിക്കുന്നു.<br>- വിമാനത്തിന് പറന്നുയരാനും ഇറങ്ങാനും തുറസ്സായ സ്ഥലം ആവശ്യമാണ്.<br>- ഇന്ധനം നിറയ്ക്കുന്നതിന് വിമാനം ഇടയ്ക്കിടെ നിലത്തിറക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നു. |

7. ആകാശീയ ചിത്രങ്ങളുടെ ഓവർലാപ്പ് എന്നാൽ എന്ത്?

ഓരോ ചിത്രത്തിലും തൊട്ടടുത്തുള്ള ചിത്രങ്ങളിലെ 60% ഭാഗം കൂടി പകർത്തിയെടുക്കുന്നതാണ് ഓവർലാപ്. തുടർച്ച നിലനിർത്താനും ത്രിമാന വീക്ഷണം ലഭിക്കുന്നതിനും വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.



8. ഓവർലാപ് ചിത്രങ്ങളിൽ ത്രിമാനദൃശ്യം സാധ്യമാകുന്ന ഉപകരണം ഏത്?

സ്റ്റീരിയോസ്കോപ്പ്

9. സ്റ്റീരിയോ പെയർ എന്നാൽ എന്ത്?

ഓവർലാപ്പോടുകൂടിയ ഒരു ജോഡി ആകാശീയ ചിത്രങ്ങളെയാണ് സ്റ്റീരിയോപെയർ എന്നുപറയുന്നത്.

10. ഉപഗ്രഹവിദൂരസംവേദനം എന്നാൽ എന്ത്?

കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള സെൻസറുകൾ വഴി വിവരശേഖരണം നടത്തുന്ന പ്രക്രിയയാണ് ഉപഗ്രഹവിദൂര സംവേദനം.

11. ഭൂസ്ഥിര ഉപഗ്രഹങ്ങളും സൗരസ്ഥിര ഉപഗ്രഹങ്ങളും തമ്മിലുള്ള വ്യത്യാസം പട്ടികപ്പെടുത്തുക.

| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|
| - 36000കി.മീ. ഉയരത്തിൽ | - 1000കി.മീ. ഉയരത്തിൽ |

| | |
|---|---|
| - $\frac{1}{3}$ ഭാഗം നിരീക്ഷണ പരിധിയിൽ വരുന്നു.<br>- ഭൂമിയുടെ ഭ്രമണവേഗതയ്ക്ക് തുല്യമായി സഞ്ചരിക്കുന്നു.<br>- ഒരേ പ്രദേശത്തെ അഭിമുഖീക രിക്കുന്നു. എല്ലായ്പ്പോഴും.<br>- പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണം<br>- വാർത്താവിനിമയത്തിനും ദിനാന്തരീക്ഷത്തിലുണ്ടാകുന്ന വ്യത്യാസം തിരിച്ചറിയുവാനും ഉപയോഗിക്കുന്നു | - കുറഞ്ഞ നിരീക്ഷണ പരിധി<br>- ആവർത്തിച്ചുള്ള വിവരശേഖരണം സാധ്യമാകുന്നു.<br>- പ്രകൃതിവിഭവങ്ങൾ ഭൂവിനിയോഗം, ഭൂഗർഭജലം മുതലായവയെക്കുറിച്ചുള്ള വിവരശേഖരണത്തിന് ഉപയോഗിക്കുന്നു.<br>- IRS |

12. **സ്പെക്ട്രൽ സിഗ്നേച്ചർ**

ഓരോ വസ്തുവും പ്രതിഫലിപ്പിക്കുന്ന ഊർജ്ജത്തിന്റെ അളവിനെയാണ് സ്പെക്ട്രൽ സിഗ്നേച്ചർ എന്നുപറയുന്നത്.

**സ്പേഷ്യൽ റെസല്യൂഷൻ**

ഒരു സെൻസറിന് തിരിച്ചറിയാൻ സാധിക്കുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പമാണ് സ്പേഷ്യൽ റെസല്യൂഷൻ

സ്പേഷ്യൽ കുറയുന്നതിനനുസരിചച് ഉപഗ്രഹ ചിത്രങ്ങൾക്ക് വ്യക്തത കൂടുന്നു.

13. വിദൂരസംവേദന സാങ്കേതിവിദ്യയുടെ ഏതെങ്കിലം 4 ഉപയോഗങ്ങൾ എഴുതുക.

- കാലാവസ്ഥാ നിർണ്ണയത്തിന്
- ഭൂവിനിയോഗം മനസ്സിലാക്കുന്നതിന്
- വരൾച്ച, വെള്ളപ്പൊക്കം എന്നിവ ബാധിച്ച പ്രദേശങ്ങൾ കണ്ടെത്താൻ
- കാട്ടുതീ കണ്ടെത്താൻ
- എണ്ണ പര്യവേഷണത്തിന്

14. ഭൂവിവര വ്യവസ്ഥ എന്നാൽ എന്ത്?

